***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി:29.09.2022**

## കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ

ഫാമിലി മെമ്പർഷിപ് സർട്ടിഫിക്കറ്റ് നല്കുന്നതിനായി 2500/- രൂപ കൈക്കൂലി വാങ്ങിയ ഇടുക്കി, കൊന്നത്തടി വില്ലേജ് ഓഫീസർ പ്രമോദ്കുമാർ k.R നെ വിജിലൻസ് കൈയ്യോടെ പിടികൂടി .

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽപ്പെട്ട കൊന്നത്തടി സ്വദേശിയായ അബ്ദുൽനിസാർ എന്നയാൾ ലോൺ അനുവദിക്കുന്നതിന് വേണ്ടി ബാങ്കിൽ സമർപ്പിക്കുന്നതിനായി ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിനായി ഒരാഴ്ച മുൻപ് കൊന്നത്തടി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു .തുടർന്ന് വില്ലേജ് ഓഫീസർ ആയ പ്രമോദ്കുമാറിനെ കണ്ട് സർട്ടിഫിക്കറ്റിന്റെ കാര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ സർട്ടിഫിക്കറ്റ് നൽകില്ലെന്നും വക്കീൽ മുഖേന കോടതി വഴി വാങ്ങിക്കൊള്ളാനും പരാതിക്കാരനായ അബ്ദുൽനിസാറിനോട് ആവശ്യപ്പെട്ടു. ഇക്കാര്യം അബ്ദുൽനിസാർ ബാങ്കിൽ പോയി വില്ലേജ് ഓഫീസർ മുഖേന ഫാമിലി മെമ്പർഷിപ് സർട്ടിഫിക്കറ്റ് കിട്ടില്ലായെന്ന് ബാങ്ക് അധികൃതരെ അറിയിച്ചു. എന്നാൽ ഫാമിലി മെമ്പർഷിപ് സർട്ടിഫിക്കറ്റ് ഇല്ലാതെ ലോൺ അനുവദിക്കാൻ സാധിക്കുകയില്ല എന്നു ബാങ്ക്അധികൃതർ അറിയിച്ചതിനാൽ ലോണിനുള്ള അപേക്ഷ പരാതിക്കാരൻ തിരിച്ചു വാങ്ങി. ഇതിനിടയിൽ വില്ലേജ്ഓഫീസർ ആയ പ്രമോദ്കുമാറിന് കൈക്കൂലി കൊടുത്താൽ മാത്രമെ സർട്ടിഫിക്കറ്റ് നൽകാറുള്ളൂ എന്ന് നാട്ടുകാർ മുഖേന അറിഞ്ഞതനുസരിച്ച് രണ്ട് ദിവസംകഴിഞ്ഞ് വീണ്ടും അബദുൽനിസാർ കൊന്നത്തടി വില്ലേജ് ഓഫീസിൽ എത്തി വില്ലേജ് ഓഫീസറെ കണ്ട് ബുദ്ധിമുട്ടുകൾ പറഞ്ഞതിനെ തുടർന്ന് 3000/- രൂപ കൈക്കൂലി നൽകിയാൽ സർട്ടിഫിക്കറ്റ് നൽകാമെന്ന് വില്ലേജ് ഓഫീസർ സമ്മതിച്ചു. തുടർന്ന് ഇക്കഴിഞ്ഞ ചൊവ്വാഴ്ച്ച ഉച്ചക്ക് വില്ലേജ് ഓഫീസിൽ എത്തി വില്ലേജ് ഓഫിസറുടെ മുറിയിൽ കയറി അഡ്വാൻസ് ആയി 500/-രൂപ നൽകി ബാക്കി രൂപയുമായി ഇന്ന്(29/09/2022) വന്ന് സർട്ടിഫിക്കറ്റ് വാങ്ങുവാൻ പരാതിക്കാരനായ

അബ്ദുൽനിസാറിനോട് പ്രമോദ്കുമാർ ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ.വിനോദ്കുമാറിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വി.എ.സി.ബി ഇടുക്കി യൂണിറ്റ് ഡെപ്യൂട്ടിപോലീസ് സൂപ്രണ്ട് ശ്രീ .ഷാജിജോസിൻറെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കിയതിനെ തുടർന്ന് ഇന്ന് (29/09/2022) രാവിലെ 11.30 മണിയോടെ കൊന്നത്തടി വില്ലേജ് ഓഫീസിൽ വച്ച് 2500/-രൂപ കൈക്കൂലി വാങ്ങുമ്പോൾ വില്ലേജ് ഓഫീസർ പ്രമോദ്കുമാറിനെ വിജിലൻസ് കൈയ്യോടെ പിടികൂടുകയാണ് ഉണ്ടായത്.

വിജിലൻസ് സംഘത്തിൽ ഇടുക്കി യൂണിറ്റ്ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. ഷാജിജോസ് ഇൻസ്പെക്ടർമാരായ മഹേഷ്പിള്ള, പിക്സൺ, സുരേഷകുമാർ, ASI. മാരായ സഞ്ജയ്, ഷാജി, ബേസിൽ പോലീസ്ഉദ്യോഗസ്ഥരായ അരുൺചന്ദ്,സന്ദീപ് എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.